പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*93 06/02/2020 ലെ മറുപടി

## വിദ്യാർത്ഥികളുടെ സുരക്ഷിതത്വം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**,, എ.പി. അനിൽ കുമാർ**<br>**,, കെ.സി.ജോസഫ്**<br>**,, വി.ഡി. സതീശൻ** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക്കായി എന്ന് പ്രഖ്യാപിക്കുമ്പോഴും പല സ്കൂളുകളും ഇഴജന്തുക്കളുടെ ആവാസകേന്ദ്രമാകുന്നതും കുട്ടികൾക്ക് പാമ്പുകടിയേറ്റ് മരണം സംഭവിക്കുന്നതുമായ ഗുരുതരമായ സാഹചര്യം ഗൗരവമായി പരിഗണി ച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സ്കൂളുകളുമായി ബന്ധപ്പെട്ട് ഏതൊരു ചെറിയ പരാതി ശ്രദ്ധയിൽപ്പെടുമ്പോഴും അതീവ ഗൗരവത്തോടെ സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും അവ പരിഗണിച്ച് പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ട സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പരിസരത്തുമുള്ള പാഴ്ച്ചെടികളും പടർപ്പുകളും വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, സ്കൂൾ പരിസരത്ത് ഉപയോഗ ശൂന്യമായ പാഴ്വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടൻ നീക്കം ചെയ്ത് പ്രദേശം വൃത്തിയായി സൂക്ഷിക്കുന്നതിന് ആർ&ആർ.1/90010/ 17/ഡി.ജി.ഇ തീയ്യതി 22/11/2019 പ്രകാരം എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകുകയും ആയത് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) സുൽത്താൻ ബത്തേരിയിലെ സർവ്വജൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഷഹല ഷെറിൻ എന്ന വിദ്യാർത്ഥിനി ക്ലാസ്സ് മുറിയിൽ വെച്ച് പാമ്പ് കടിയേറ്റ് മരണമടഞ്ഞ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ആ സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ വർക്കെതിരെ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്; | (ബി) സംഭവം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സംഭവുമായി ബന്ധപ്പെട്ട് സ്കൂളിന്റെ ചുമതലയുണ്ടായിരുന്ന പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, അധ്യാപകനായ ഷജിൽ എന്നിവരെ ഉടൻ തന്നെ സസ്പെന്റ് ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു. റിപ്പോർട്ടിൽ സ്കൂളിലെ അദ്ധ്യാപകർക്ക് സമയ ബന്ധിതമായ നടപടിയെടുക്കുന്നതിൽ വീഴ്ച വന്നത് കൊണ്ടാണ് ഈ ദാരുണ സംഭവം ഉണ്ടായതെന്ന് പറഞ്ഞിട്ടുണ്ട്. ആയത് പ്രകാരം ടി അദ്ധ്യാപകരോട് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. സംഭവം സംബന്ധിച്ച് പോലീസ് കേസും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്കൂളുകളുടെ പരിസരം ശുചിയായി സൂക്ഷിക്കാതിരുന്നതും സ്കൂൾ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താതിരുന്നതും ഈ ദാരുണ സംഭവത്തിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | സർവ്വജൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അധികൃതരുടെ സൂക്ഷ്മതക്കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| (ഡി) | പ്രസ്തുത സംഭവത്തിന് ശേഷം എന്തൊക്കെ നിർദ്ദേശങ്ങളാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളത്; വിശദമാ ക്കാമോ; | (ഡി) | സംസ്ഥാനത്തെ സ്കൂളുകളുടെ ശുചിത്വവും, കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായുള്ള നിർദ്ദേശ ങ്ങളടങ്ങിയ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ ആർ&ആർ.(1)/90010/17/ ഡി.ജി.ഇ നമ്പരായി 22-11-2019 തീയ്യതിയിൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, എല്ലാ വിദ്യാലയ അധികൃതർക്കും നൽകുകയും പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 23-11-2019 ൽ ഡി.എ.1/361/ 19/ത.സ്വ.ഭ.വ നമ്പരിൽ സർക്കുലർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കും നൽകുകയും ചെയ്തിട്ടുണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ 22-11-2019 ൽ നൽകിയ സർക്കുലറിലെ പത്തിന നിർദ്ദേശങ്ങൾ സ്കൂൾ പി.ടി.എ കളും, ജന പ്രതിനിധികളും, തദ്ദേശ സ്വയംഭരണ സ്ഥാപന അധികൃതരും, വിദ്യാലയ അധികൃതരും ജനകീയ കൂട്ടായ്മയോടെ നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട തനുസരിച്ച് 10-12-2019, 18-12-2019 എന്നീ ദിവസങ്ങളിലായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട് പൂർണ്ണമായി അവ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുമുണ്ട്.<br><br>22-11-2019 തീയ്യതിയായി പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, തുടർ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ആർ&ആർ.(1)/90010/ 17/ഡി.ജി.ഇ നമ്പരായി 20-12-2019 തീയ്യതിയിലെ കത്ത് മുഖേന എല്ലാ ജില്ലാ കലക്ടർമാരോടും, ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മുനിസിപ്പൽ -കോർപ്പറേഷൻ -ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കറി വിഭാഗം), റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കറി വിഭാഗം), വിദ്യാഭ്യാസ ഉപഡയറക്ടർമാർ (പൊതു വിദ്യാഭ്യാസം), പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോ-ഓഡിനേറ്റർ എന്നിവരുടെ സംയുക്ത അവലോകന യോഗം അവരുടെ അദ്ധ്യക്ഷതയിൽ കൂടി സ്കൂൾ സുരക്ഷയ്ക്കും, വിദ്യാഭ്യാസ പുരോഗ തിക്കും, വിദ്യാർത്ഥികളുടെ അഭിവൃദ്ധിക്കും ഗുണകരമായ കൂടുതൽ സംവിധാനങ്ങൾ ഒരുക്കുന്നതിനായി അഭ്യർത്ഥിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | 2020 ജനുവരി മാസം ചാവക്കാട് എം.ആർ. ആർ.എം. ഹൈസ്കൂളിലെ ബാത്ത് റൂമിൽ വെച്ച് അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിക്ക് പാമ്പു കടിയേറ്റ സംഭവം ഉണ്ടായിട്ടുണ്ടോ; | (ഇ) | 2020 ജനുവരി മാസം ചാവക്കാട് എം.ആർ.ആർ.എം ഹൈസ്കൂളിലെ വിദ്യാർത്ഥിനിക്ക് ബാത്ത് റൂമിൽ വെച്ച് പാമ്പ് കടിയേറ്റുവെന്ന സംശയത്തിൽ ആശുപത്രിയിൽ എത്തിക്കുകയും പരിശോധനയിൽ പാമ്പ് കടിയേറ്റിട്ടില്ലെന്ന് ബോധ്യപ്പെട്ടുകയും ചെയ്തിട്ടുള്ളതായി ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്നാണോ ചാവക്കാട് എം.ആർ.ആർ.എം.സ്കൂളിലെ സംഭവം ചൂണ്ടിക്കാണിക്കുന്നത്; വിശദമാക്കാമോ? | (എഫ്) | ഇല്ല |

സെക്ഷൻ ഓഫീസർ